## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 തീയതിയിലെ WCD/E8/6975/2020-E7 നമ്പർ ഉത്തരവ്

2) വനിതാ ശിശുവികസന ഡയറക്ടറുടെ 10/02/2025 തീയതിയിലെ DWCD/E1/86/2025-E1 നമ്പർ ഉത്തരവ്

3) വനിതാ ശിശുവികസന ഡയറക്ടറുടെ 20/03/2025 തീയതിയിലെ DWCD/3/2025-E7 നമ്പർ ഉത്തരവ്

**ഉത്തരവ് നം.DWCD/6/2025-E7 തീയതി: 26-03-2025**

വനിതാ-ശിശുവികസന വകുപ്പിൽ പരാമർശം(3) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 1 ഒഴിവ് നിലവിൽ വന്നിട്ടുണ്ട് .പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(68) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാർക്ക് ഇതിനോടകം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ശ്രീമതി അനിത എം.റ്റി (സീനിയോരിറ്റി നം.69) ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹയാണ്.

ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിയ്ക്ക് KS &SSR ചട്ടം 28 A(1) പ്രകാരം 39300-83000/-രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി അനിത എം.റ്റി<br>സീനിയർ ക്ലർക്ക്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,ആലപ്പുഴ<br>പെൻ നം.642438 | ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (2) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഹെഡ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരിയെ നിയമിക്കുന്ന കാര്യാലയം 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക് ഇപ്പോൾ നിയമിക്കുന്ന ജീവനക്കാരിയെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ് :

1) ജില്ലാ വനിതാ ശിശുവികസന ഓഫീസർ-ആലപ്പുഴ
2) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**
Suval
സൂപ്രണ്ട്